**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 902** **30-01-2019-ലെ മറുപടി**

## ജലസേചന വകുപ്പിന്റെ പ്ലാൻ ഫണ്ട് സ്കീം

| | ചോദ്യം<br>**ശ്രീ. ടി.എ.അഹമ്മദ് കബീർ** | | മറുപടി<br>**കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2018-19 സാമ്പത്തിക വർഷത്തെ ജലസേചന വകുപ്പിന്റെ പ്ലാൻ ഫണ്ട് സ്കീമിൽ എത്ര പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ജലസേചനവും ഭരണവും,ചീഫ് എഞ്ചിനീയർ 2018-19 സാമ്പത്തിക വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്ലാൻ സ്കീമുകൾ: -<br>1. മൈനർ ഇറിഗേഷൻ ക്ലാസ് 1 പദ്ധതി<br>2. മൈനർ ഇറിഗേഷൻ ക്ലാസ് 2 പദ്ധതി<br>3.പുതിയ എൽ.ഐ. സ്കീം പദ്ധതി<br>4.റീഹാബിലിറ്റേഷൻ ഓഫ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി<br>5.കാവേരി നദീതടത്തിലെ ഭവാനി ബേസിൻ പദ്ധതികൾ<br>6. കബനീ ബേസിനിലെ പദ്ധതികൾ<br>7.മൈനർ ഇറിഗേഷൻ ക്ലാസ് 1 ഹരിത കേരളം<br>8.മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിത കേരളം<br>9.റെനവേഷൻ ഓഫ് ടാങ്ക് ആൻഡ് പോണ്ട്സ്- ഹരിത കേരളം<br>10.റിപ്പയേഴ്സ് റ്റു മൈനർ ഇറിഗേഷൻ സ്ട്രക്ചർ<br>11.കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ<br>12. നബാർഡ് ആർ.ഐ.ഡി.എഫ് 24<br>പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർ പ്ലാൻ ഫണ്ട് സ്കീമിൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിൽ 24, മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിൽ 94 മീനച്ചിൽ റിവർവാലി പ്രോജക്ടിൽ 1. (പുതുക്കിയ എസ്റ്റിമേറ്റ്) പാമ്പാർ പ്രോജക്ടിൽ 1 (പുതുക്കിയ എസ്റ്റിമേറ്റ്) എന്നിങ്ങനെ 120 സ്കീമുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ 2018-19 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് സ്കീമിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1.പഴശ്ശി -13 എണ്ണം<br>2. കുറ്റ്യാടി - 72 എണ്ണം<br>3.കാരാപ്പുഴ – 77 എണ്ണം<br>4.ബാണാസുരസാഗർ - 12 എണ്ണം<br>5.മലമ്പുഴ – 15 കാഡാപ്രവൃത്തികൾ<br>6.മംഗലം - 11 കാഡാ പ്രവൃത്തികൾ<br>7.പോത്തുണ്ടി - 5 കാഡാ പ്രവൃത്തികൾ<br>8. ചേരാമംഗലം - 9 കാഡാ പ്രവൃത്തികൾ<br>9.ചിറ്റൂർപ്പുഴ – 37 കാഡാ പ്രവൃത്തികൾ<br>31 (കനാലുകളുടെ നവീകരണം)<br>31 (ഫ്ലഡ് ഡാമേജ് 2018 –(ധനപുനർവിനിയോഗം) |

| | | | |
|---|---|---|---|
| | | | 10.ഗായത്രി - 18(ഫ്ലഡ് ഡാമേജ് 2018 – (ധനപുനർവിനിയോഗം)<br>11. വാളയാർ - 2(ഫ്ലഡ് ഡാമേജ് 2018 – (ധനപുനർവിനിയോഗം)<br>12. ചമ്രവട്ടം ആർ.സി.ബി - 7<br>13. തൂത്താല ആർ.സി.ബി ഫ്ലഡ് ഡാമേജ് 2018 – (ധനപുനർവിനിയോഗം)<br>കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ പ്ലാൻ ഫണ്ട് സ്കീമിൽ പുത്തനാറായിരം പാടശേഖരത്തിൽ ഡി ബ്ലോക്ക് ബണ്ട് നിർമ്മാണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br>ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 130 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ<br>1. മൈനർ ഇറിഗേഷൻ ക്ലാസ് 1 ഹരിത കേരളം (15 എണ്ണം)- 796 ലക്ഷം<br>2. മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിത കേരളം (26 എണ്ണം)- 689.79 ലക്ഷം<br>3. ഭവാനി ബേസിൻ (1 എണ്ണം)- 950 ലക്ഷം<br>4. കബനീ ബേസിൻ പദ്ധതികൾ (8 എണ്ണം)- 990 ലക്ഷം<br>5. റീഹാബിലിറ്റേഷൻ ഓഫ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം (207 എണ്ണം) - 1400 ലക്ഷം<br>പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർ, ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിലെ 24 സ്കീമുകൾക്കും മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിലെ 94 സ്കീമുകൾക്കും പാമ്പാർ പ്രോജക്ട്(പട്ടിശ്ശേരി ഡാം) 1 സ്കീമിനും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയ പ്രവൃത്തികൾ :-<br>പഴശ്ശി പദ്ധതി-2018-19 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും 7.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.(13 പ്രവൃത്തികൾ)<br>കുറ്റ്യാടി ജലസേചന പദ്ധതി - 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് (52 പ്രവൃത്തികൾ)<br>കാരാപ്പുഴ ജലസേചന പദ്ധതി - 11.42 കോടി രൂപയുടെ ആക്ഷൻ പ്ലാൻ അനുമതി നൽകിയിട്ടുണ്ട് (77 പ്രവൃത്തികൾ)<br>ബാണാസുര സാഗർ പദ്ധതി - ആക്ഷൻ പ്ലാൻ അനുമതി നൽകിയിട്ടുണ്ട് (12 പ്രവൃത്തികൾ)<br>മലമ്പുഴ – 15 പ്രവൃത്തികൾ -140 ലക്ഷം<br>മംഗലം - 11 പ്രവൃത്തികൾ - 130 ലക്ഷം<br>പോത്തുണ്ടി - 5 പ്രവൃത്തികൾ - 130 ലക്ഷം<br>ചേരാമംഗലം-9 പ്രവൃത്തികൾ-200 ലക്ഷം<br>കാഡാ - ഫീൽഡ് ചാനലുകളുടെ നവീകരണം<br>ചിറ്റൂർപ്പുഴ-37 പ്രവൃത്തികൾ - 300 ലക്ഷം<br>ചിറ്റൂർപ്പുഴ – 31 പ്രവൃത്തികൾ - 400 ലക്ഷം - കനാലുകളുടെ നവീകരണം |

| | | | |
|---|---|---|---|
| | | | ചിറ്റൂർപ്പുഴ- 31 പ്രവൃത്തികൾ -308 ലക്ഷം<br>ഗായത്രി - 18 പ്രവൃത്തികൾ - 300 ലക്ഷം ഫ്ലഡ് ഡാമേജസ് 2018<br>വാളയാർ - 2 പ്രവൃത്തികൾ - 120 ലക്ഷം<br><br>ആർ.സി.ബി. ചമ്രവട്ടം -1 പ്രവൃത്തി - Rectification works for the RCB across Bharathappuzha at Chamravattom<br>ആർ.സി.ബി.തൃത്താല – 4 പ്രവൃത്തികൾ - 200 ലക്ഷം രൂപ<br>കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർക്കു കീഴിൽ പുത്തനാറായിരം പാടശേഖരത്തിൽ ഡി ബ്ലോക്ക് ബണ്ട് നിർമ്മാണം എന്ന പദ്ധതിയ്ക്ക് 2.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (പ്രധാനമന്ത്രി കൃഷി സിൻചായി യോജന)- 50%CSS – പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു.<br>ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി 48 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | **ഭരണാനുമതി ലഭ്യമാകാത്ത പദ്ധതികൾ**<br>1.റെനവേഷൻ ഓഫ് ടാങ്ക് ആൻഡ് പോണ്ട്സ്- ഹരിത കേരളം- 13.07 കോടിയുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br>2.പുതിയ എൽ.ഐ. സ്കീം പദ്ധതി - 2018 ആഗസ്റ്റ് മാസത്തിലെ പ്രളയവുമായി ബന്ധപ്പെട്ട അടിയന്തര പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക പുനർവിനിയോഗം ചെയ്യുകയും റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ചെയ്തു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ എൽ.ഐ പദ്ധതികളുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.<br>3. മൈനർ ഇറിഗേഷൻ ക്ലാസ് 1 പദ്ധതി - 2018 ആഗസ്റ്റ് മാസത്തിലെ പ്രളയവുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾക്കായി ഈ പദ്ധതിക്ക് അനുവദിച്ച തുക റിപ്പയേഴ്സ് റ്റു മൈനർ ഇറിഗേഷൻ സ്ട്രക്ചറിൽ പുനർവിനിയോഗം ചെയ്യുകയും പ്രൊപ്പോസൽ ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചു വരുകയും ചെയ്യുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.<br>4. മൈനർ ഇറിഗേഷൻ ക്ലാസ് 2 പദ്ധതി - 2018 ആഗസ്റ്റ് മാസത്തിലെ പ്രളയവുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾക്കായി ഈ പദ്ധതിക്ക് അനുവദിച്ച തുക ഫ്ലഡ് കൺട്രോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.<br>5. കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ - കടൽ ഭിത്തിയുടെ പുനർനിർമ്മാണത്തിനും പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുമായുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br>6. നബാർഡ് ആർ.ഐ.ഡി.എഫ് 24 – പ്രൊപ്പോസൽ ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചു വരുന്നു.<br>ചമ്രവട്ടം പദ്ധതിയുടെ ആക്ഷൻ പ്ലാൻ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 ലഭ്യമാക്കിയതിൽ അപാകത ഉള്ളതിനാൽ |

| | | | |
|---|---|---|---|
| | | | അത് പരിഹരിച്ച് സമർപ്പിക്കുന്നതിനായി ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഒരു പര്യവേഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.<br>പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള മീനച്ചിൽ റിവർവാലി പ്രോജക്റ്റിലെ 2 പദ്ധതികൾക്ക് (കളത്തൂക്കടവ് ആറിനു കുറുകെ ചില്ലാച്ചി ഭാഗത്ത് പാലത്തോടു കൂടിയ ചെക്ക് ഡാം നിർമ്മാണം, അരുണാപുരത്തിൽ പാലാ മുൻസിപ്പാലിറ്റിയിൽ മീനച്ചിൽ നദിക്കു കുറുകെ മിനിഡാമോടു കൂടിയുള്ള റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം) ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ